**മധുരമായ കുട്ടികളേ - നിങ്ങൾ സർവ്വ മനുഷ്യകുലത്തിന്റെയും മംഗളകാരിയാണ്, നിങ്ങൾക്ക് അനേകരുടെ മംഗളം ചെയ്യണം, അശരീരി അഭ്യാസത്തോടൊപ്പം തന്നെ സേവനവും തീർച്ചയായും ചെയ്യണം.**

**ചോദ്യം:-** ഏതൊരു കാര്യത്തിൽ ബാബയും ഡ്രാമയുടെ ഭാവി എന്നു പറഞ്ഞ് മിണ്ടാതിരിക്കുന്നു?
**ഉത്തരം:-** കുട്ടികളേ, ആരാണോ വളരെക്കാലം ബാബയുടെ പാലനയെടുത്ത്, പിന്നീട് മായയ്ക്ക് വശപ്പെടുന്നത്, വിവാഹം ചെയ്ത് പല സ്ഥലത്തേക്കും പോകുന്നത്, ആശ്ചര്യത്തോടെ ഓടിപ്പോകുന്നത്, അപ്പോൾ ബാബയും ഡ്രാമയുടെ ഭാവി എന്നു പറഞ്ഞ് മിണ്ടാതിരിക്കുന്നു. ബാബയ്ക്കറിയാം ഇതും യജ്ഞത്തിൽ വിഘ്നമുണ്ടാക്കും. കുട്ടികൾ ആരുടെയും പേരിലോ രൂപത്തിലോ പെട്ടുപോകരുതെന്ന ചിന്ത ബാബയ്ക്കുണ്ട്. മായ വളരെയധികം വിഘ്നമുണ്ടാക്കുന്നു, അതുകൊണ്ടാണ് ബാബ നിർദ്ദേശം നൽകുന്നത് കുട്ടികളേ, ഒരിക്കലും മായയുടെ വിഘ്നത്തിൽ ഭയപ്പെടരുത്. ബാബയുടെ ഓർമ്മയിലൂടെ വിജയിയായി മാറണം.

**ഓം ശാന്തി.** മധുരമധുരമായ കുട്ടികൾക്കറിയാം നമ്മൾ ബാബയുടെയും ദാദയുടെയും സന്മുഖത്താണ് ഇരിക്കുന്നത്. ഓരോ കാര്യവും പുതിയതാണ്, ശ്രീമതമനുസരിച്ച് ഒരേയൊരു ബാബയെ മാത്രം ഓർമ്മിക്കണം. ബാബ ദാദയുടെ ശരീരത്തിലൂടെയാണ് ശ്രീമതം നൽകുന്നത്. ഇടയ്ക്കിടെ കുട്ടികൾക്ക് മുന്നറിയിപ്പ് നൽകുന്നു, മന്മനാഭവ അർത്ഥം എന്നെ മാത്രം ഓർമ്മിക്കൂ. ഈ ദാദയെ ഓർമ്മിക്കരുത്. ദാദയുടെ ആത്മാവു പോലും എന്നെയാണ് ഓർമ്മിക്കുന്നത്, അതുപോലെ നിങ്ങൾക്കും എന്നെ മാത്രം ഓർമ്മിക്കണം. നിങ്ങൾ ആത്മാക്കൾ അശരീരിയാണ്, ഞാനും അശരീരി തന്നെയാണ്, കേവലം നിങ്ങളെ ഈ ശരീരത്തിലൂടെ പഠിപ്പിക്കുന്നു. ബ്രഹ്മാവ് സർവ്വശക്തനല്ല, സർവ്വശക്തൻ ഒരു ബാബയാണ്. നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നുണ്ടെങ്കിലും നിങ്ങളെ സർവ്വശക്തനെന്നു പറയില്ല. സർവ്വശക്തനിലൂടെ രാവണനു മേൽ വിജയം പ്രാപിച്ച് നിങ്ങൾ വീണ്ടും തന്റെ രാജ്യ പദവി നേടുകയാണ്. ബാബയുടെ ആജ്ഞയാണ് അച്ഛനായ എന്നെ ഓർമ്മിക്കൂ. നിങ്ങൾ വൃക്ഷത്തിന്റെ ആദിമദ്ധ്യഅന്ത്യത്തിന്റെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കി. ഇപ്പോൾ നിങ്ങൾ എത്ര വിവേകശാലികളായാണ് മാറിയിരിക്കുന്നത് അതായത് നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ മുഴുവൻ ജ്ഞാനവുമുണ്ട്. ഈ ജ്ഞാനത്തിലൂടെ നിങ്ങൾക്ക് വളരെയധികം ഉയർന്ന പദവിയാണ് ലഭിക്കുന്നത്. നരനിൽ നിന്നും നാരായണനായിത്തീരുന്നു. ഇത് രാജയോഗത്തിന്റെ പഠിപ്പാണ്. കല്പം മുമ്പും നിങ്ങൾ ഈ പഠിപ്പാണ് പഠിച്ചിരുന്നത്. ലക്ഷ്യം തൊട്ടു മുന്നിലാണ്, ബാക്കി ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ. വളരെ നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യണം, അതും വളരെയധികം എളുപ്പം തന്നെയാണ്. തന്റെ വീടിനെക്കുറിച്ച് അറിയുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ല. നമ്മൾ ആത്മാക്കൾ അശരീരിയാണ്. ശാന്തിധാമത്തിൽ വസിക്കുന്നു. അവിടെ മനസ്സിന്റെ ശാന്തിയെന്ന് പറയില്ല, വാസ്തവത്തിൽ മനസ്സിന്റെ ശാന്തിയെന്ന വാക്ക് പറയുന്നത് തന്നെ തെറ്റാണ്. മനസ്സ് കുതിരയെ പോലെയാണ്. ഏതുവരെ ആത്മാവ് ശരീരത്തോടൊപ്പമുണ്ടോ അതുവരെയും മനസ്സിന് ശാന്തമായിരിക്കുവാൻ സാധിക്കില്ല. കർമ്മം തീർച്ചയായും ചെയ്യണമല്ലോ. അല്പകാലത്തെ ശാന്തിയുണ്ടാകുന്നത് രാത്രി ഉറങ്ങുമ്പോൾ മാത്രമാണ്. ആത്മാവ് കർമ്മേന്ദ്രിയങ്ങളിലൂടെ ജോലി ചെയ്ത്-ചെയ്ത് ക്ഷീണിക്കുമ്പോൾ അശരീരിയാകുന്നു. അപ്പോൾ ആത്മാവ് പറയുന്നു, എനിക്ക് ഉറക്കം വരുന്നു, ഞാൻ ക്ഷീണിച്ചിരിക്കുന്നു. അപ്പോൾ ആത്മാവ് അശരീരിയാകുന്നു. ഇപ്പോൾ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം നശിക്കുന്നു. ഉറങ്ങുന്നതിലൂടെ വികർമ്മം നശിക്കുന്നില്ല. അതിനായി ബാബയെ ഓർമ്മിക്കാനുള്ള പുരുഷാർത്ഥം ചെയ്യണം, ഈ പുരുഷാർത്ഥം വളരെ അത്യാവശ്യമാണ്. ഇടയ്ക്കിടെ ബാബ പറയുന്നു, എന്നെ മാത്രം ഓർമ്മിക്കൂ. ആര് എത്രത്തോളം സേവനം ചെയ്യുന്നുവോ അത്രയും തന്റെ പ്രജകളെ ഉണ്ടാക്കാൻ സാധിക്കും. ധാരാളം പ്രജകളെ ഉണ്ടാക്കണം. വളരെ പേരുടെ മംഗളം ചെയ്യണം. നിങ്ങൾ മുഴുവൻ മനുഷ്യരുടെയും മംഗളകാരിയാണ്. രാവണരാജ്യത്തിൽ ആരും ആരുടെയും മംഗളം ചെയ്യുന്നില്ല. മനുഷ്യർ ദാന പുണ്യ കർമ്മങ്ങൾ ചെയ്യുമ്പോൾ, ഞങ്ങൾ നല്ല കർമ്മം ചെയ്യുകയാണെന്നു മനസ്സിലാക്കുന്നു. ഈ യുദ്ധത്തിലൂടെ വൈകുണ്ഠത്തിന്റെ വാതിൽ തുറക്കുമെന്നു നിങ്ങൾ മനസ്സിലാക്കുന്നതുപോലെ. ഇത് വളരെ നല്ല യുദ്ധമാണ്. നിങ്ങൾ ബ്രാഹ്മണർ ഇപ്പോൾ ജ്ഞാനീതു ആത്മാവായിത്തീരുകയാണ്. ആരിലാണോ പഞ്ചവികാരങ്ങൾ പ്രവേശിച്ചിരിക്കുന്നത് അവർക്കെങ്ങനെ ദേവതയാകാൻ സാധിക്കും? നരനിൽ നിന്നും നാരായണനാകുന്നതിന് വളരെ നല്ല പ്രയത്നം ആവശ്യമാണ്. പരിധിയില്ലാത്ത പുരുഷാർത്ഥം ആവശ്യമാണ്. ഇങ്ങനെയുള്ള ഉയർന്ന പദവി ബാബയ്ക്കല്ലാതെ മറ്റാർക്കും തന്നെ നൽകുവാൻ സാധിക്കില്ല. ആർക്കും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. നിങ്ങൾക്ക് ലക്ഷ്മി-നാരായണന്റെ ജീവചരിത്രത്തെക്കുറിച്ചും അറി

യാം. അവർ എങ്ങനെ ഈ രാജ്യം നേടി? എവിടെ നിന്നു നേടി? ആരെ വിജയിച്ചതിലൂടെ? നിങ്ങൾ എല്ലാവരോടും പറയുന്നുണ്ടല്ലോ, രാജയോഗം പഠിച്ച് ലക്ഷ്മീ-നാരായണന് സമാനം മാറുകയാണെന്ന്. സ്വയം ഭഗവാൻ നരനിൽ നിന്നും നാരായണനാകുന്നതിന്റെ പഠിപ്പ് പഠിപ്പിക്കുകയാണ്. അപ്പോൾ നിങ്ങൾ കുട്ടികൾക്ക് വളരെയധികം ലഹരിയുണ്ടായിരിക്കണം.

ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് – ഈ ബ്രാഹ്മണ ധർമ്മം സ്ഥാപിക്കുന്നത് പരമപിതാവായ പരമാത്മാവാണ്. ബ്രാഹ്മണധർമ്മം സ്ഥാപിക്കുന്നത് എവിടെയാണ്? എന്താ സത്യയുഗത്തിലാണോ? തീർച്ചയായും ഇവിടെയായിരിക്കും. പ്രജാപിതാവും ഇവിടെത്തന്നെയാണ്. ബാബ ബ്രാഹ്മണധർമ്മം സ്ഥാപിച്ച് ബ്രഹ്മാമുഖവംശാവലി രചിച്ചു. ബാബ സ്വയം പറയുന്നു, ഞാൻ വളരെ ജന്മങ്ങൾക്കു ശേഷമുള്ള അന്തിമ സാധാരണ മനുഷ്യശരീരത്തിലേക്ക് പ്രവേശിക്കുന്നു. ബ്രഹ്മാവിനും തന്റെ ജന്മങ്ങളെക്കുറിച്ച് അറിയുന്നില്ല. ബ്രഹ്മാവിനെ എന്തിനാണ് ഇവിടെ കാണിച്ചിരിക്കുന്നതെന്ന് ചോദിക്കാറുണ്ട്. പ്രജാപിതാവിനെ ഇവിടെയല്ലേ കാണിക്കേണ്ടത്. സൂക്ഷ്മ വതനവാസിയായ ദേവത എങ്ങനെ ഇവിടേക്കു വന്നു എന്ന് എല്ലാവരും ചിന്തിക്കും. പ്രജാപിതാ ബ്രഹ്മാവിന്റെ 84 ജന്മങ്ങളുടെ രഹസ്യത്തെക്കുറിച്ച് ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ഇതാണ് ഇവരുടെ അന്തിമജന്മം, ഈ ജന്മത്തിൽ തന്നെ പ്രവേശിക്കണം. എന്താണോ ആദിയിൽ ഉണ്ടായിരുന്നത്, അതുതന്നെ അന്ത്യത്തിലുമുണ്ടാകുന്നു. ഈ രഹസ്യങ്ങളെല്ലാം തന്നെ ബാബ മനസ്സിലാക്കിത്തരുന്നു. ഈ ചിത്രം പോലും ശിവബാബ ദിവ്യദൃഷ്ടിയിലൂടെ ഉണ്ടാക്കിച്ചതാണ്. ബാബ നിർദ്ദേശം നൽകിയിട്ടുണ്ട്– 5000 വർഷങ്ങളുടെ ഈ കല്പത്തെക്കുറിച്ച് തെളിയിച്ച് പറഞ്ഞുകൊടുക്കണം. സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും ചിത്രം ബാബ ഉണ്ടാക്കിച്ചതാണ്. ഗീതയിൽ പരമപിതാ പരമാത്മാവാണ് പഠിപ്പിക്കുന്നതെന്ന് എഴുതിയിട്ടില്ല. മനസ്സിലാക്കി കൊടുക്കാൻ തന്നെ എത്ര പ്രയത്നിക്കേണ്ടി വരുന്നു എന്നു നോക്കൂ. ഓരോ ദിവസം കൂടുന്തോറും തിരിച്ചറിവ് ലഭിച്ചുകൊണ്ടിരിക്കുന്നു. കല്പം മുമ്പ് ഏത് സമയത്ത് എന്താണോ മനസ്സിലാക്കി കൊടുത്തത്, ആ സമയത്ത് തന്നെയാണ് ഇപ്പോഴും മനസ്സിലാക്കി കൊടുക്കുന്നത്. ആത്മാവാകുന്ന എന്നിൽ എന്ത് പാർട്ടാണോ അടങ്ങിയിട്ടുള്ളത് അത് വീണ്ടും ആവർത്തിക്കുന്നു. ഇത് പതിതലോകമാണെന്ന് നിങ്ങൾക്കറിയാം. എല്ലാവരുടെയും അന്തിമജന്മമാണ്. നാടകം ഇപ്പോൾ പൂർത്തിയാകുന്നു. ഇല്ലെങ്കിൽ എങ്ങനെ സത്യയുഗം മുതൽ ദൈവീകധർമ്മം സ്ഥാപിതമാകും. സത്യയുഗം മുതൽ ഒരേയൊരു അദ്വൈത ദേവതാധർമ്മമാണ്. ഈ സമയത്ത് നിങ്ങളുടെത് ബ്രാഹ്മണധർമ്മമാണ്. വിരാടരൂപത്തിന്റെ രഹസ്യത്തെക്കുറിച്ചും മനസ്സിലാക്കി തന്നിട്ടുണ്ട്. ബ്രാഹ്മണൻ അർത്ഥം കുടുമി. പിന്നീട് ബ്രാഹ്മണൻ തന്നെയാണ് ദേവതയാകുന്നത്. ശിവബാബയാണ് ബ്രാഹ്മണധർമ്മം രചിക്കുന്നതെന്നതിനെക്കുറിച്ച് മനുഷ്യർക്ക് അറിയുക പോലുമില്ല. ഇപ്പോൾ നിങ്ങൾ ട്രാൻസ്ഫറാകുന്നു. ശൂദ്രനിൽ നിന്നും ബ്രാഹ്മണനാകുന്നു, അതായത് താഴെയുള്ള അവസ്ഥയിൽ നിന്നും മുകളിൽ ആകാശത്തേക്ക് എത്തിച്ചേരുന്നു. ആത്മാക്കൾക്കിപ്പോൾ തിരികെ വീട്ടിലേക്ക് പോകണം.

മനുഷ്യർ ദേവിമാരുടെ ക്ഷേത്രത്തിലേക്ക് പോകുമ്പോൾ ഈ ജഗദംബ ആരാണെന്ന് അറിയുന്നില്ല. ജഗദംബയും ബ്രാഹ്മണിയാണ്. നിങ്ങളും ബ്രാഹ്മണിമാരാണ്. ജഗദംബയും ജഗത്പിതാവുമുണ്ട്. ആരുടെ പൂജാരിയാണോ അവരുടെ ക്ഷേത്രമുണ്ടാക്കുന്നു. ജഗദംബ ആരാണെന്ന ജ്ഞാനമൊന്നുമില്ല. ജ്ഞാനജ്ഞാനേശ്വരിയായ ജഗദംബ രാജരാജേശ്വരിയായി മാറുന്നു. ദേവിമാരുടെ പൂജ ധാരാളം നടക്കുന്നുണ്ട്. സത്യയുഗത്തിൽ ലക്ഷ്മീ-നാരായണനാണ്, ത്രേതായുഗത്തിൽ സീതാരാമനും. ബാക്കിയെല്ലാ ദേവീദേവതകളുടെ ചിത്രവും ഈ സമയത്തേതാണ്. അനേക ചിത്രങ്ങളും അനേക ക്ഷേത്രങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. നിങ്ങൾക്കറിയാം ബ്രഹ്മാ-സരസ്വതി ബ്രാഹ്മണനും ബ്രാഹ്മണിയുമാണ്. ലക്ഷ്മിയെ ബ്രാഹ്മണിയെന്നു പറയുന്നില്ല, അവർ ദേവതയാണ്. ബ്രാഹ്മണിയാണെങ്കിൽ 21 ജന്മത്തേക്ക് സർവ്വ മനോകാമനകളും പൂർത്തീകരിക്കുന്നു. ലക്ഷ്മിയായിത്തീരുമ്പോൾ ഗ്രേഡ് കുറയുന്നു. ഇപ്പോൾ നിങ്ങൾ ഈശ്വരീയ സന്താനമാണ്. നിങ്ങളുടെ ഗ്രേഡ് ഇപ്പോൾ ഉയർന്നതാണ്. എന്നാൽ ഈ കാര്യങ്ങളെക്കുറിച്ചൊന്നും മറ്റാർക്കും അറിയില്ല. നിങ്ങൾ ബ്രാഹ്മണ കുല ഭൂഷണരാണ്. ഇപ്പോൾ നിങ്ങൾ ഈശ്വരന്റെതായി മാറി പിന്നീട് ദേവതാകുലത്തിലേക്ക് പോകുന്നു. ഈ സംഗമയുഗം മംഗളകാരിയാണ്. ബാബ ഇപ്പോഴാണ് ഭാരതത്തെ സ്വർഗ്ഗമാക്കുന്നത്. ഭാരതമാണ് പ്രാചീന സ്വർഗ്ഗമായിരുന്നത്. എന്നാൽ ഇതൊന്നും ആരുടെയും ബുദ്ധിയിലിരിക്കില്ല. നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു എന്നറിഞ്ഞാൽ ഭാരതവാസികൾക്ക് സന്തോഷമുണ്ടാകും. ആരെങ്കിലും മരിക്കുകയാണെങ്കിൽ സ്വർഗ്ഗം പൂകി എന്നു പറയാറുണ്ട്. ഹെവൻലി ഗോഡ്ഫാദർ തന്നെയാണ് സ്വർഗ്ഗത്തെ സ്ഥാപിക്കുന്നത്. മൂലവതനത്തെ സ്ഥാപിക്കുക എന്ന വാക്ക് ഒരിക്കലും പറയില്ല. ധർമ്മത്തെയാണ് സ്ഥാപിക്കുന്നത്. അത് ആത്മാക്കളുടെ വീടാണ്, ഈ സമയത്ത് ആത്മലോകം ശൂന്യമാകുന്നു. പിന്നീട് സർവ്വാത്മാക്കളും നമ്പർവൈസായി തിരികെ വീട്ടിലേക്ക് പോകുന്നു. ഇത് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാനായി നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലിരിക്കണം. ധർമ്മസ്ഥാപനയ്ക്കായി ഏതെല്ലാം

ആത്മാക്കളാണോ വരുന്നത്, അവരെല്ലാം സതോ രജോ തമോ അവസ്ഥയിലേക്ക് വരുന്നു. നിങ്ങൾക്കിപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. നിങ്ങളുടെ കയറുന്ന കലയാണ്. നിങ്ങൾ ആത്മീയ മുഖവംശാവലി ബ്രാഹ്മണരാണ്. അത് ശരീരവംശാവലികളായ ഭൗതീക ബ്രാഹ്മണരാണ്. അവർ ഭൗതീക തീർത്ഥയാത്ര ചെയ്യിക്കുന്നു, കഥ കേൾപ്പിക്കുന്നു. നിങ്ങൾ ബ്രാഹ്മണർ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം കേൾപ്പിക്കുന്നവരാണ്. ഭൗതീക ബ്രാഹ്മണരും ഇവിടേക്ക് വരുമ്പോൾ, ഇവരാണ് സത്യമായ ബ്രാഹ്മണർ എന്നുള്ള കാര്യം തിരിച്ചറിയുമ്പോൾ, ഞങ്ങൾ ഇത്രയും കാലം അസത്യമായ കഥകളാണ് കേൾപ്പിച്ചതെന്ന് അവർ മനസ്സിലാക്കുന്നു. അവരുടെ കക്ഷത്തിൽ അസത്യമായ ഗീതയാണ്, നിങ്ങളുടെ ബുദ്ധിയിൽ സത്യമായ ജ്ഞാനമുണ്ട്. അവർ ശാസ്ത്രം വായിച്ച് കേൾപ്പിക്കുന്നു, നിങ്ങളുടെ ബുദ്ധിയിൽ ജ്ഞാനമുണ്ട്, ബാബയുടെ ബുദ്ധിയിലുള്ളതുപോലെ. ബാബ സത്– ചിത്– ആനന്ദ സ്വരൂപനാണ്, നിരാകാരനാണ്, ബീജരൂപനാണ്. നിങ്ങൾക്കും ബുദ്ധിയിൽ ജ്ഞാനത്തെ ധാരണ ചെയ്യണം. ജ്ഞാനം ബുദ്ധിമുട്ടില്ല, കേവലം ശ്രദ്ധ നൽകണം. അല്ലാതെ വീടും കുടുംബവും ഉപേക്ഷിക്കണമെന്നല്ല. ഇത് ഒരു കാരണമായിത്തീരുന്നു എന്നു മാത്രം. കുട്ടി വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അച്ഛൻ കുട്ടിയെ പ്രഹരിക്കുന്നു, അപ്പോൾ അതൊരു കാരണമാകുന്നു. ചെറുതാണെങ്കിൽ ഒരിക്കലും വീട് വിട്ട് ഓടിപ്പോകാൻ സാധിക്കില്ലല്ലോ. യുവതിയാണെങ്കിൽ വന്ന് ശരണം പ്രാപിക്കുന്നു. അങ്ങയിൽ അഭയം പ്രാപിക്കുന്നു..... എന്ന മഹിമയുണ്ട് കാരണം രാവണരാജ്യത്തിൽ വളരെയധികം ദുഃഖമാണ്. പിന്നീട് ബാബയിൽ നിന്നും സമ്പത്ത് നേടുന്നു. ആരുടെയെങ്കിലും പതി വളരെയധികം ഉപദ്രവിക്കുന്നു എങ്കിൽ അവർ മനസ്സിലാക്കുന്നു, ഞങ്ങൾക്ക് പോയി ബാബയുടെ പക്കൽ അഭയം പ്രാപിക്കണം. എന്നാൽ വീട് ഉപേക്ഷിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ബുദ്ധിമുട്ടാണ്. സന്യാസിമാർ സന്യാസം സ്വീകരിക്കുന്നുണ്ടെങ്കിലും ബുദ്ധി കൊണ്ട് മിത്ര സംബന്ധികളെ ആരും മറക്കുന്നില്ല. ചിലർ ബുദ്ധിമുട്ട് കാരണം മടങ്ങിപ്പോവുകയും ചെയ്യുന്നു. ബ്രഹ്മതത്വവുമായി പെട്ടെന്ന് യോഗം ലഭിക്കുകയില്ല. ഇവിടെ നിങ്ങൾക്ക് അറിയാം പഴയ ലോകമാണ് പഴയ സംബന്ധമാണ്. ദേഹസഹിതം സർവ്വതും ഉപേക്ഷിക്കണം, അതുകൊണ്ട് നിങ്ങൾക്ക് ഈ പഴയ ലോകത്തോട് വൈരാഗ്യമുണ്ടാകണം. പഴയ ശരീരത്തോട് നിങ്ങൾക്ക് വൈരാഗ്യമുണ്ട്. ഇവിടെ പരിധിയില്ലാത്ത വൈരാഗ്യമാണ്. അവരുടെത് പരിധിയുള്ള രജോഗുണീ വൈരാഗ്യമാണ്. ഇത് പരിധിയില്ലാത്ത സതോപ്രധാന വൈരാഗ്യം. ലോകത്തെ ഉപേക്ഷിക്കുന്നില്ല. നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നത് പഴയ ലോകത്തിൽ നിന്നും പുതിയ ലോകത്തേക്ക് പോകുന്നതിനായാണ്. പുതിയ ലോകത്തിലേക്കു പോയി സുഖം അനുഭവിക്കണമെന്ന് സന്യാസിമാർ മനസ്സിലാക്കുന്നില്ല. ആ സുഖം നിങ്ങൾക്കുള്ളതാണ്. അവരുടേത് രജോപ്രധാന സന്യാസമാണ്. നിങ്ങളുടേത് സതോപ്രധാന സന്യാസമാണ്. കുട്ടികൾക്ക് സതോപ്രധാനമാകണം. യോഗത്തിലൂടെ പാപം ഭസ്മമാകുന്നു, അതുകൊണ്ടാണ് യോഗാഗ്നി എന്നു പറയുന്നത്. ഓർമ്മയാകുന്ന അഗ്നി എന്ന വാക്ക് ശോഭിക്കുന്നില്ല. യോഗാഗ്നിയിലൂടെയാണ് വികർമ്മം നശിക്കുന്നത്. കാര്യം വളരെയധികം സഹജമാണ്. എന്നാൽ കുട്ടികൾ ഇടയ്ക്കിടെ പറയുന്നു, ബാബാ ഞങ്ങൾ മറന്നുപോകുന്നു. ബാബ പറയുന്നു, കുട്ടികളേ, ദേഹീഅഭിമാനിയായിത്തീരൂ. സത്യയുഗം മുതൽക്ക് ത്രേതായുഗം വരെയും നിങ്ങൾ ആത്മബോധത്തിലായിരുന്നു. നിങ്ങൾ അരക്കല്പം ആത്മബോധത്തിലും, അരക്കല്പം ദേഹബോധത്തിലുമാണ് ജീവിക്കുന്നത്. അതുകൊണ്ടിപ്പോൾ ആത്മ ബോധത്തിലിരിക്കുവാൻ പ്രയത്നം അനുഭവപ്പെടുന്നു. സത്യയുഗത്തിൽ മനസ്സിലാക്കുന്നു ഞങ്ങൾക്ക് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കണം. സർപ്പത്തേപോലെ...... ഈ ഉദാഹരണം നിങ്ങൾക്കുള്ളതാണ്. സന്യാസിമാർ ജ്യോതിയിൽ പോയി ലയിക്കാൻ ആഗ്രഹിക്കുന്നു. നമുക്ക് പോയി പുതിയ ശരീരമെടുക്കണമെന്ന് അവർ അറിയുന്നില്ല. നിങ്ങൾക്കറിയാം നമുക്ക് ഈ വൃദ്ധശരീരമുപേക്ഷിച്ച് പോയി പുതിയതെടുക്കണം. പഴയ വസ്ത്രത്തെ ഉപേക്ഷിക്കുവാൻ നമ്മൾ ആഗ്രഹിക്കുന്നു. ആമയുടെ ഉദാഹരണവും നിങ്ങൾക്കുള്ളതാണ്. കർമ്മം ചെയ്ത്കൊണ്ടും ബാബയുടെ ഓർമ്മയിലിരിക്കൂ. ബാബ തന്നെയാണ് സദ്ഗതിദാതാവ്. സദ്ഗതിദാതാവ് ഒരു ബാബയല്ലാതെ രണ്ടാമതൊരാളില്ല. നിങ്ങളെല്ലാ ആത്മാക്കളും ശിവബാബയുടെ മക്കളും പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളുമാണ്. ആദ്യം ബ്രാഹ്മണരാണ് പിന്നീട് വൃക്ഷം വൃദ്ധി പ്രാപിക്കുന്നു. ഇത് വൈവിധ്യമാർന്ന ധർമ്മവൃക്ഷമാണ്. ആദ്യം ദേവി–ദേവതാ ധർമ്മമാണ്, പിന്നീട് ഇസ്ലാമി, ബുദ്ധമതം, അങ്ങനെ അഭിവൃദ്ധി സംഭവിക്കുന്നു. ശാഖോപശാഖകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പുതിയതായി എന്തെങ്കിലുമുണ്ടാകുമ്പോൾ അതിന്റെ മഹിമയുണ്ടാകുന്നു. അവസാനമാകുമ്പോഴേക്കും അതിന്റെ ശക്തിയും കുറയുന്നു. നിങ്ങൾ വളരെ ഉയർന്ന ശക്തിയുള്ളവരാണ്, കാരണം നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിരുന്നു. സത്യയുഗത്തിൽ മന്ത്രിമാരൊന്നുമുണ്ടായിരിക്കില്ല. അവിടെ രാജാവിന്റെ ആജ്ഞയാണ് നടക്കുക. ദ്വാപരയുഗം മുതൽക്കാണ് മന്ത്രിയുണ്ടാകുക. ഇപ്പോൾ രാജാ–റാണിമാരില്ല. ഇതും പൂർവ്വ നിശ്ചിതമായ നാടകമാണ്. ആദ്യം സ്വർഗ്ഗമായിരുന്ന ഭാരതം ഇപ്പോൾ നരകമായി. നരകവും ആദ്യം സതോപ്രധാന നരകമായിരുന്നു, ഇപ്പോൾ തമോപ്രധാന നരകമായിരിക്കുകയാണ്. ഇതിനെയാണ് ഭയാനക നരകമെന്നു പറയുന്നത്. ബാബ പറയുന്നു, എനിക്ക് എത്രയാണ് പ്രയത്നിക്കേണ്ടതായി വരുന്നത്. എനിക്ക് എത്ര ചിന്ത

യാണ്, എന്റെ പെൺകുട്ടികളാരും തന്നെ ഏതൊരു ഗുണ്ടകളുടെ കൈയ്യിലും അകപ്പെടരുതെന്ന ചിന്ത ബാബയ്ക്കുണ്ട്. കാരണം ലോകം വളരെയധികം മോശമാണ്. സെന്ററുകളിലും മോശമായ ആളുകൾ വരാറുണ്ട്. നാമ രൂപത്തിൽ പെട്ടു പോകുന്നു. യജ്ഞത്തിൽ അനേക പ്രകാരത്തിലുള്ള വിഘ്നങ്ങളുണ്ടാകുന്നു. മായയും വിഘ്നങ്ങളുണ്ടാക്കുന്നു. പിന്നീട് ധാരാളം ബുദ്ധിമുട്ടേണ്ടതായി വരുന്നു. എന്നാലും നിങ്ങൾ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കണം. യുദ്ധമൈതാനത്തിൽ  നിന്നുകൊണ്ടു തന്നെ യുദ്ധം ചെയ്യണം. ഒരിക്കലും ഭയപ്പെടരുത്. ഒരുപാടുപേർ ബാബയോട് പിണങ്ങിപ്പോകുന്നു. എത്ര വർഷങ്ങൾ ഇവിടെ ജീവിച്ച്, പാലന നേടി, പിന്നീട് വിവാഹം കഴിച്ച് എങ്ങോട്ടെല്ലാം പോകുന്നവരുണ്ട്. അവർ എല്ലാവരെയും ആശ്ചര്യപ്പെടുത്തിക്കൊണ്ട് ഓടിപ്പോകുന്നു, അപ്പോഴും ഡ്രാമയുടെ ഭാവി എന്നു പറഞ്ഞ് മിണ്ടാതിരിക്കുന്നു. സേവനം ചെയ്തുകൊണ്ടിരിക്കുന്നവർക്ക് വളരെ സന്തോഷമുണ്ടാകുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ  ലിഭിച്ച മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1) ബാബയിൽ അഭയം പ്രാപിക്കുന്നതിനായി ബുദ്ധികൊണ്ട് പരിധിയില്ലാത്ത സന്യാസം ചെയ്യണം. പഴയ ലോകത്തെയും ദേഹത്തെയും മറന്ന് ആത്മാഭിമാനിയായിരിക്കുവാൻ പ്രയത്നിക്കണം.

2) നമ്മൾ ബ്രാഹ്മണർ സർവ്വരുടെയും മനോകാമനകൾ പൂർത്തീകരിക്കുന്നവരാണ് എന്ന ലഹരിയിലിരിക്കണം.

## വരദാനം:- തന്റെ ശ്രേഷ്ഠമായ ദൃഷ്ടി, വൃത്തി, കൃതിയിലൂടെ സേവനം ചെയ്യുന്ന നിരന്തര സേവാധാരിയായി  ഭവിക്കൂ

ഏതുപോലെയാണോ ഈ ശരീരം ശ്വാസം കൂടാതെ നിലനിൽകാത്തത് അതുപോലെ ബ്രാഹ്മണ ജീവിതത്തിന്റെ ശ്വാസമാണ് സേവനം. ഏതുപോലെയാണോ ശ്വാസം കിട്ടിയില്ലെങ്കിൽ ബോധം പോകുന്നത്. അതുപോലെ ബ്രാഹ്മണ ആത്മാവ് അഥവാ സേവനത്തിൽ ബിസിയല്ലെങ്കിൽ ബോധം നഷ്ടമാകുന്നു അതുകൊണ്ട് ഓരോ സമയവും തന്റെ ശ്രേഷ്ഠമായ ദൃഷ്ടിയിലൂടെ, വൃത്തിയിലൂടെ, കർമ്മത്തിലൂടെ സേവനം ചെയ്തുകൊണ്ടിരിക്കൂ. വാണിയിലൂടെ സേവനത്തിന്റെ അവസരം ലഭിക്കുന്നില്ലെങ്കിൽ മനസ്സിലൂടെ ചെയ്യൂ.  എപ്പോൾ എല്ലാ പ്രകാരത്തിലുമുള്ള സേവനം ചെയ്യുന്നോ അപ്പോൾ ഫുൾ മാർക്ക് നേടാൻ സാധിക്കും.

## സ്ലോഗൻ:- സാക്ഷി സ്ഥിതിയുടെ സിംഹാസനം തന്നെയാണ് യഥാർത്ഥ നിർണ്ണയത്തിന്റെ സിംഹാസനം.